## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3491 25.06.2012 -ൽ മറുപടിയ്ക്ക്**

**മാറാട് കലാപം - കമ്മീഷൻ റിപ്പോർട്ട്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ പി. റ്റി. എ. റഹീം | ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| എ) മാറാട് കലാപം സംബന്ധിച്ച് ജോസഫ് തോമസിനെ കമ്മീഷനായി നിയമിച്ചിരുന്നുവോ ; | (എ) നിയമിച്ചിരുന്നു. |
| ബി) പ്രസ്തുത കമ്മീഷന്റെ റിപ്പോർട്ട് സർക്കാർ സ്വീകരിച്ചിട്ടുണ്ടോ ; | (ബി) ഉണ്ട്. |
| സി) എം. സി. മായിൻഹാജി, പഞ്ചായത്ത് മെമ്പറായിരുന്ന മൊയ്തീൻകോയ എന്നിവർക്ക് കൊലപാതകം സംബന്ധിച്ച് നേരത്തെ അറിവുണ്ടായിരുന്നു എന്ന കമ്മീഷന്റെ പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) ഉണ്ട്. |
| ഡി) എങ്കിൽ കുറ്റകൃത്യത്തെ സംബന്ധിച്ച് അറിവുണ്ടായിട്ടും മറച്ചുവെച്ചതിന്റെ പേരിൽ പ്രസ്തുത വ്യക്തികൾക്കെതിരെ കേസ് എടുക്കാതിരുന്നതിനുള്ള കാരണമെന്താണെന്ന് വിശദമാക്കാമോ? | (ഡി) മാറാട് സംഭവം സംബന്ധിച്ച അന്വേഷണ കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ സർക്കാർ അംഗീകരിച്ച് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എന്നാൽ സംഭവത്തിനു പിന്നിലെ ഗൂഢാലോചനയും മറ്റും സംബന്ധിച്ച് കേന്ദ്ര ഏജൻസികളെക്കൊണ്ട് അന്വേഷണം നടത്തണമെന്ന കമ്മീഷന്റെ ശുപാർശ പ്രകാരം ഇതു സംബന്ധിച്ച് സി. ബി. ഐ. അന്വഷണം വേണമെന്ന സംസ്ഥാന സർക്കാരിന്റെ ആവശ്യം കേന്ദ്ര സർക്കാർ തുടർച്ചയായി നിരസിച്ചു. ഈ സാഹചര്യത്തിൽ അന്വേഷണം നടത്താൻ ക്രൈംസ് വിഭാഗം അഡീഷണൽ പോലീസ് ഡയറക്ടർ ജനറലിന്റെ മേൽനോട്ടത്തിൽ ഒരു പ്രത്യേക അന്വേഷണ സംഘത്തെ സർക്കാർ നിയമിച്ചിട്ടുണ്ട്. പ്രസ്തുത സംഘം ഇതു സംബന്ധിച്ച അന്വേഷണം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ